LIBRARY ARCHIVES Kerala Legislative Assembly

കൂടുതലായതിനാൽ സർക്കാർ അംഗീകാരത്തിനായി 14-9-2020-ൽ സമർപ്പിച്ചു. എന്നാൽ മാതൃകാ പെരുമാറ്റച്ചട്ടം പിൻവലിച്ചതിനുശേഷം ടെണ്ടർ അപ്രൂവലിന് സമർപ്പിക്കുവാൻ നിർദ്ദേശിച്ചതിൻപ്രകാരം 28-12-2020-ൽ വീണ്ടും സമർപ്പിക്കുകയും എസ്റ്റിമേറ്റ് പുതുക്കി റീടെണ്ടർ ചെയ്യാനായി സർക്കാരിൽനിന്നും നിർദ്ദേശം ലഭിക്കുകയുമുണ്ടായി. അംഗീകരിച്ച ഡിസൈൻ പ്രകാരം ഫ്ലൈ ഓവറിന്റെ വീതി 10.5 മീറ്ററും സർവ്വീസ് റോഡിന് ഡ്രെയിനും നടപ്പാതയും ഉൾപ്പടെ 3.5 മീറ്ററും മാത്രമാണ് വീതി ഉണ്ടായിരുന്നത്. അതിനാൽ സർവ്വീസ് റോഡിനാവശ്യമായ വീതി ലഭ്യമാക്കുന്നതിന് ഫ്ലൈ ഓവറിന്റെ വീതി 7.5 മീറ്റർ ആയി കുറയ്ക്കുവാൻ 19-1-2021-ലെ യോഗത്തിൽ പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിനോട് കിഫ്ബി നിർദ്ദേശിക്കുകയുണ്ടായി. അതിൻപ്രകാരം ഫ്ലൈ ഓവറിന്റെ പുതുക്കിയ ഡിസൈൻ തയ്യാറാക്കി വരികയാണ്.

(ബി) പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

പുതുക്കിയ ഡിസൈൻ അന്തിമമാക്കിയതിനുശേഷം പദ്ധതിക്ക് സാങ്കേതിക അനുമതി ലഭ്യമാക്കി എസ്.പി.വി-ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കാവുന്നതാണ്.

കിഫ്ബി പദ്ധതികൾ

33(37) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഇതുവരെ സംസ്ഥാനത്ത് എത്ര കോടി രൂപയുടെ പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്?

കിഫ്ബി മുഖേന നിലവിൽ 63,257.74 കോടി രൂപയുടെ പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്.

(ബി) സാമ്പത്തിക അനുമതിക്കായി എത്ര പദ്ധതികളാണ് കിഫ്ബിയിൽ പരിഗണനയിൽ ഉള്ളത് എന്നറിയിക്കാമോ?

നിലവിൽ 161 പദ്ധതികൾ സാമ്പത്തികാംഗീകാരത്തിനായി കിഫ്ബിയുടെ പരിഗണനയിലുണ്ട്.

പുതുക്കാട് നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

34(38) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മാണം നടത്തുന്നതിന് അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?